ശ്രീമതി കെ. ആർ. സരസ്വതിഅമ്മ : 1963-ൽ ഒരു താലൂക്ക് ഹെഡ് കോർട്ടേഴ്സ് ആശുപത്രിയായി ഉയർത്തികൊണ്ടുവരാമെന്നു് പറഞ്ഞിരുന്നു. ചെങ്ങന്നൂർ ഹോസ്പിറ്റലിൽ ഇപ്പോഴും ആവശ്യത്തിനുള്ള സൗകര്യങ്ങളും പോലും ഉണ്ടാക്കിയിട്ടില്ല. അവിടെ പുതിയ ആശുപത്രി കെട്ടിടത്തിന്റെ പ്രാരംഭ പണികളെങ്കിലും ആരംഭിക്കാനുള്ള നടപടികളും എടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽഉടനെതന്നെ ധ്രുതഗതിയിൽ അതിന്റെ പണി പൂർത്തിയാക്കി ആവശ്യമായ സൗകര്യങ്ങളും ചെയ്തുകൊടുക്കുമോ ? അങ്ങനെ ആണെങ്കിൽ അതിന്റെ പണി എന്നു് തുടങ്ങുമെന്നു് പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിനെ സംബന്ധിച്ചു് സഭാസ്സുരമായി ചോദിച്ചിട്ടുള്ള മറ്റൊരു ചോദ്യം ഇവിടെയുണ്ടു്. അതിനെ കുറിച്ചു് മറുപടി പറയുമ്പോൾ എല്ലാം പറയാം.

ശ്രീ. ഒ. കോരൻ : കണ്ണൂർ ജില്ലയിൽ തളിപറമ്പയിൽ ഒരു താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രിയുടെ പണി തുടങ്ങിയിട്ടുണ്ടു്. അതിന്റെ പണി എന്നു് തീർത്തു് പ്രവർത്തനം ആരംഭിക്കുമെന്നു് പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അധികം താമസിയാതെ പണി തീർക്കാൻ സാധിക്കുന്നതാണു്. എന്നു് തീർക്കുമെന്നു് ഇപ്പോൾ കൃത്യമായി പറയാൻ സാധിക്കുകയില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ചില ആശുപത്രികളിൽ ആവശ്യത്തിനുള്ള സ്റ്റാഫിനെ നിയമിക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? നാൽപതോളം ബെഡ്ഡുള്ള ഒരു താലൂക്ക് ആശുപത്രിയിൽ ഒരു ക്ലാർക്കിനെപോലും നിയമിച്ചിട്ടില്ലാത്തതു കാരണം അവിടെയുള്ള കമ്പൗണ്ടറാണു് ക്ലാർക്കിന്റെ ജോലി കൂടി ചെയ്യുന്നതു്. പ്രൈമറി ഹെൽത്തു് സെൻറുകളിൽപോലും ക്ലാർക്കുമാരെ നിയമിക്കുന്നുണ്ടു്. ആനിലയ്ക്കു് താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രികളിൽ ക്ലാർക്കുമാർ ഇല്ലെങ്കിൽ നിയമിക്കുന്നതിനെപ്പറ്റി ശ്രദ്ധിക്കുമോ ?

ശ്രീ.എം.പി. ഗോവിന്ദൻ നായർ: ചില സ്ഥാപനങ്ങളിൽ പ്രത്യേകിച്ചു് മലബാർ ഭാഗത്തുള്ള ചില ആശുപത്രികളിൽ ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അവിടെ സ്റ്റാഫുകളുടെ ഏകീകരണത്തെപ്പറ്റിയുള്ള കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

## ഇറക്കുമതി ചെയ്ത ക്ഷീരധാന്യങ്ങൾ

✱ 942. [5] ശ്രീ. എം. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യത്തിനു് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1963-64-ൽ കേരളത്തിൽ ഇറക്കുമതിചെയ്ത ക്ഷീരധാന്യങ്ങൾ എത്രയെന്നും, അതിന്റെ വില എന്തെന്നും പറയുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ പി. പൗലോസു്): 1963-64ൽ കേരളത്തിൽ ഇതുവരെയായി ഇറക്കുമതി ചെയ്തതും, ഇനിഇറക്കുമതി ചെയ്യാനുള്ളതും ഉൾപ്പടെ ഉദ്ദേശം 9,86,000 ടൺ അരി ഇറക്കുമതി ചെയ്യുമെന്നു് കണക്കാക്കപ്പെട്ടിട്ടുണ്ടു്. ഇതിന്റെ ഉദ്ദേശ വില 60 കോടി-രൂപയോളമാകും. മറ്റു ധാന്യങ്ങളുടെ വിവരം ശേഖരിക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly